പബ്ലിക്ക് സർവീസ് നിയമനങ്ങൾ.

72. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പബ്ലിക്കുസർവീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പബ്ലിക്കുസർവീസ് നിയമനങ്ങൾക്കുവേണ്ടി ഫാറം-ന മുൻപുമുതൽ പേരു രജിസ്റ്റർ ചെയ്ത അപേക്ഷകർ ഇന്നും നിയമനം ലഭിക്കാൻ ഇടയില്ലാതെ വിഷമിക്കുന്നുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(ബി) പേരു രജിസ്റ്റർ ചെയ്തെങ്കിലും യഥാസമയം നിയമനം ലഭിക്കാതെ ഏജ്ബാർ കഴിഞ്ഞുപോയവർ വളരെയുണ്ടെന്നുള്ള വിവരം ഗവണ്മെൻറ് അറിയുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(സി) ഏജ്ബാർ ആകുംമുമ്പു് പേരു രജിസ്റ്റർ ചെയ്തു മെമ്മോ കൊടുത്തിട്ടുള്ള അപേക്ഷകരെ ഏജ്ബാറിൽനിന്നും ഒഴിവാക്കാൻ ബഹുമാനപ്പെട്ട ഗവണ്മെൻറ് ദയവായി ആലോചിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : (*a*) Yes : There are many who have not yet been recruited.

(*b*) Yes.

(*c*) Under Rule 16 of the Public Service Recruitment Rules, here is special provision to cover these cases.

പബ്ലിക്കുസർവീസു ചട്ടത്തിൽനിന്നും ഒഴിവാക്കണം.

73. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പബ്ലിക്കുസർവീസു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വിദ്യാഭ്യാസത്തിലും മറ്റും പിന്നോക്കം നിൽക്കുന്ന പുലയർ, പറയർ, കുറവർ, തുടങ്ങിയ സമുദായങ്ങളിൽപ്പെട്ട അപേക്ഷകരെ ഒരു നിശ്ചിതകാലത്തേക്കെങ്കിലും പബ്ലിക്കുസർവ്വീസു് ചട്ടങ്ങളിൽനിന്നും ഒഴിവാക്കി വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഗവണ്മെൻറ് ദയവായി ആലോചിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : Government do not consider it necessary to relax these rules in the case of particular communities.

LIBRARY ARCHIVES Kerala Legislative Assembly